I/17701/2023

## മുഖ്യനഗരാസൂത്രകന്റെ നടപടിക്രമം
## തിരുവനന്തപുരം

വിഷയം:- തദ്ദേശസ്വയംഭരണ പ്ലാനിംഗ്- മുഖ്യ നഗരാസൂത്രകന്റെ കാര്യാലയം – തിരുവനന്തപുരം – സാങ്കേതികവിഭാഗം – മലപ്പുറം ജില്ല – തിരൂർ നഗരസഭ- തൃക്കണ്ടിയൂർ വില്ലേജ് -വാണിജ്യ കെട്ടിട നിർമ്മാണം കൺകറൻസ് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. ശ്രീ.ഹബീബ് റഹ്മാൻ, വെളേളക്കാട്ട് ഹൗസ്, അഭയം, പൂക്കയിൽ എന്നവർ സമർപ്പിച്ച അപേക്ഷ.
2. മലപ്പുറം ജില്ലാ ടൗൺ പ്ലാനറുടെ 23/03/2023 തീയതിയിലെ TCPMPM/1689/2022-A3 നമ്പർ കത്ത്.

==========================================================

കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം

ഉത്തരവ്. നം. LSGD/PD/21839/2023-TCPA1 തീയതി:13-06-2023

==========================================================

മലപ്പുറം ജില്ലയിലെ തിരൂർ നഗരസഭ പരിധിയിലുള്ള തൃക്കണ്ടിയൂർ വില്ലേജിൽ റീ സർവ്വേ നമ്പർ 232/4-2, 236/1-24 എന്നിവയിൽപ്പെട്ട 1774 ച.മീ സ്ഥലത്ത് ഗ്രൗണ്ട് ഫ്ലോർ ഉൾപ്പെടെ 3 നിലകളും സ്റ്റെയർ റൂമും കൂടി ആകെ 2835.33 ച.മീ വിസ്തീർണ്ണമുള്ളതുമായ വാണിജ്യകെട്ടിടം നിർമ്മിക്കുന്നതിനുള്ള അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ ശ്രീ.ഹബീബ് റഹ്മാൻ, വെളേളക്കാട് ഹൗസ്, അഭയം, പൂക്കയിൽ, മലപ്പുറം-676107- ന്റെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.എം.ബി.ആർ 2019-നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി പ്രസ്തുത നിർമ്മാണത്തിന് തിരൂർ നഗരസഭ DTP സ്കീം നമ്പർ 2 പ്രകാരമുള്ള കൺകറൻസ് അംഗീകാരം നൽകി ഉത്തരവാകുന്നു.

**നിബന്ധനകൾ**

1) നിർമ്മാണം KMBR 2019 ചട്ടങ്ങൾക്കും അനുബന്ധഭേദഗതികൾക്കും Sanctioned DTP Scheme തിരൂർ മുനിസിപ്പാലിറ്റി സ്കീം NO II എന്നിവയ്ക്കും അനുസൃതമായിരിക്കണം.

2) KMBR 2019 ചട്ടം 9(2) പ്രകാരം സ്ഥലത്തിന്റെ അതിരുകളും അളവുകളും പ്രമാണങ്ങളും ആധികാരികതയും ഉടമസ്ഥാവകാശവും, നിർമ്മാണാവകാശവും പ്രസ്തുത ഭൂമി പുറമ്പോക്കു ഭൂമിയിൽ ഉൾപ്പെട്ടതല്ലെന്ന് രേഖകൾ പരിശോധിച്ച് ആധികാരികമാണെന്നും മുനിസിപ്പൽ സെക്രട്ടറി ഉറപ്പു വരുത്തേണ്ടതാണ്.

3) ഭൂമി തരം മാറ്റുന്നതിനുള്ള 12/10/2022 തീയതിയിലെ തിരൂർ റവന്യൂ ഡിവിഷണൽ ഓഫീസറുടെ F1-1952/2022 നമ്പർ ഉത്തരവിലെ നിബന്ധനകളെല്ലാം പാലിക്കുന്നുണ്ടെന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.

I/17701/2023

4) KMBR 2019 ചട്ടം 5(4) പ്രകാരം ആവശ്യമായ എല്ലാ വകുപ്പുകളുടെയും നിരാക്ഷേപപത്രം ലഭ്യമാക്കിയിരിക്കണം.

5) നിർദിഷ്ട നിർമ്മാണത്തെ റോഡ് വൈഡനിംഗ് ബാധിക്കുന്നില്ല എന്ന് സെക്രട്ടറി ഉറപ്പു വരുത്തേണ്ടതാണ്

6) RDO യുടെ F1-1952/2022 dated 12/10/2022 ഉത്തരവ് പ്രകാരം കെട്ടിടത്തിന്റെ നിർമ്മാണ വിസ്തീർണം 9932.62 sq.ft ആയി മാത്രം രേഖപ്പെടുത്തിയിട്ടുള്ളതിനാൽ കൺകറൻസ് അനുവദിക്കുന്ന ഉത്തരവിലെ ഏരിയക്കു അനുപാതികമായി RDO-ൽ നിന്നും ആവശ്യമുള്ള പക്ഷം പുതുക്കിയ ഉത്തരവ് ലഭ്യമാക്കിയതിനു ശേഷം നിർമ്മാണാനുമതിക്ക് സെക്രട്ടറിക്ക് പരിഗണിക്കാവുന്നതാണ്.

7) 2008 ലെ കേരളാ നെൽവയൽ / നീർത്തട സംരക്ഷണ നിയമം, 2018 കേരളാ നെൽവയൽ / നീർത്തട സംരക്ഷണ(ഭേദഗതി) എന്നീ നിയമങ്ങൾക്കു വിധേയമാണെന്ന് നഗരസഭാ സെക്രട്ടറി ഉറപ്പുവരുത്തിയിരിക്കണം.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

ചീഫ് ടൗൺപ്ലാനറുടെ ഉത്തരവിൻ പ്രകാരം

ഉള്ളടക്കം- ഒരു സെറ്റ് പ്ലാൻ

Signed by
Famidha Yoosaf.m
Date: 13-06-2023 16:22:48
ഫമിദ യൂസഫ് എം
ടൗൺ പ്ലാനർ
(ചീഫ് ടൗൺപ്ലാനർക്കുവേണ്ടി)

സെക്രട്ടറി, തിരൂർ നഗരസഭ, മലപ്പുറം

പകർപ്പ്:-

1. ശ്രീ.ഹബീബ് റഹ്മാൻ, വെള്ളേക്കാട് ഹൗസ്, അഭയം, പൂക്കയിൽ, മലപ്പുറം 676107
2. ടൗൺപ്ലാനർ, മലപ്പുറം
3. വെബ് സൈറ്റ്
4. കരുതൽ ഫയൽ
5. അധികം